**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1005** **29-06-2026-ൽ മറുപടിയ്ക്ക്**

**<u>പി. എം. ശ്രീ പദ്ധതി</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>**

ശ്രീ. കെ. എൻ. ബാലഗോപാൽ

പ്രൊഫ. സി. രവീന്ദ്രനാഥ്

ശ്രീ. ജി. സ്റ്റീഫൻ

ശ്രീ. എം. വിജിൻ

**<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. എൻ. ഷംസുദ്ദീൻ

(പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പ് മന്ത്രി)

**(എ)** പി. എം. ശ്രീ പദ്ധതിക്കുള്ള ധാരണാപത്രം മുൻ സർക്കാരിന്റെ കാലത്ത് ഒപ്പു വയ്ക്കുകയും പിന്നീട് പിൻവലിക്കുകയും ചെയ്തിരുന്നോയെന്ന് വ്യക്തമാക്കാമോ; പദ്ധതിയിൽ ഒപ്പു വയ്ക്കാത്തതിനാൽ സമഗ്ര ശിക്ഷാ കേരളം പദ്ധതിയ്ക്കുള്ള എത്ര തുകയാണ് കേന്ദ്ര സർക്കാർ തടഞ്ഞുവെച്ചതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് 2023-24 വർഷം മുതലുള്ള കേന്ദ്ര വിഹിതത്തിലെ കുടിശ്ശിക ഉൾപ്പെടെ ലഭിക്കുന്നതിന് കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയത്തിന്റെ നിരന്തര സമ്മർദ്ദം കാരണം പി.എം.ശ്രീ പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനുള്ള ധാരണാപത്രം മുൻ സർക്കാരിന്റെ കാലത്ത് ഒപ്പുവച്ചിരുന്നു. എന്നാൽ പദ്ധതി സംബന്ധിച്ച് ആശങ്കകൾ ഉയർന്നുവന്ന സാഹചര്യത്തിൽ പദ്ധതി റിവ്യൂ നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് മന്ത്രിസഭായോഗ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ മുൻ പൊതുവിദ്യാഭ്യാസ വകുപ്പ് മന്ത്രി ചെയർമാനായി ഒരു ക്യാബിനറ്റ് സബ് കമ്മിറ്റി രൂപീകരിക്കുകയും പ്രസ്തുത മന്ത്രിസഭാ ഉപസമിതി റിപ്പോർട്ട് സമർപ്പിക്കുന്നതുവരെ പി.എം.ശ്രീ. പദ്ധതിയുമായി ബന്ധപ്പെട്ട തുടർ പ്രവർത്തനങ്ങൾ നീട്ടിവയ്ക്കാൻ തീരുമാനിച്ചതായി അറിയിച്ചുകൊണ്ട് 2025 നവംബർ 12-ൽ കേന്ദ്ര സർക്കാരിന് കത്ത് നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ക്യാബിനറ്റ് സബ് കമ്മിറ്റി യോഗം ചേരുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. പി. എം. ശ്രീ പദ്ധതി സംസ്ഥാനത്തു നടപ്പിലാക്കാത്തതിനാൽ സമഗ്ര ശിക്ഷാ കേരളം പദ്ധതിക്ക് 2023-24 വർഷം മുതൽ 2025-26 വർഷം വരെ ലഭിക്കാനുള്ള 1150-ൽ പരം കോടി രൂപ കേന്ദ്ര സർക്കാർ തടസ്സവച്ചിരിക്കുകയാണ്.

**(ബി)** സമഗ്ര ശിക്ഷാ പദ്ധതിക്കുള്ള കേന്ദ്ര വിഹിതം മുൻ സർക്കാരിന്റെയോ നിലവിലെ സർക്കാരിന്റെയോ കാലത്ത് ലഭിച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദവിവരം ലഭ്യമാക്കാമോ;

**<u>മറുപടി:</u>** 2021-22 വർഷം മുതൽ നാളിതുവരെ ലഭിച്ചിട്ടുള്ള സമഗ്ര ശിക്ഷാ പദ്ധതിക്കുള്ള കേന്ദ്രവിഹിതത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.

**(സി)** ഈ ഇനത്തിൽ ലഭിക്കാനുള്ള ആകെ കേന്ദ്ര വിഹിതം എത്രയാണ്; ആയത് ലഭ്യമാക്കാൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിക്കുന്നതെന്ന് വിശദമാക്കാമോ;

**<u>മറുപടി:</u>** സമഗ്ര ശിക്ഷാ കേരളത്തിന് 2021-22 മുതൽ 2025-26 വരെ ലഭിക്കാനുള്ള ആകെ കേന്ദ്രവിഹിതം 1643.57 കോടി രൂപയാണ്. ഇത് ലഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. 2023-24 മുതൽ 2025-2026 വരെ RTE Reimbursement ആയി 106.58 കോടി രൂപ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. എന്നാൽ തുക ലഭിച്ചിട്ടില്ല.

**(ഡി)** പി. എം. ശ്രീ പദ്ധതിയുമായി മുന്നോട്ട് പോകാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ;

**<u>മറുപടി:</u>** പി.എം.ശ്രീ പദ്ധതിയിൽ കഴിഞ്ഞ സർക്കാർ 2025 ഒക്ടോബറിൽ ഒപ്പു വച്ചിട്ടുണ്ട്. പിന്നീട് പദ്ധതി റിവ്യൂ നടത്തുന്നതിനായി ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചിട്ടുണ്ടെന്നും ഉപസമിതി റിപ്പോർട്ട് സമർപ്പിക്കുന്നത് വരെ പദ്ധതിയുമായി ബന്ധപ്പെട്ടുള്ള തുടർ നടപടികൾ നീട്ടിവയ്ക്കാൻ തീരുമാനിച്ചിരിക്കുകയാണെന്നും കാണിച്ച് കേന്ദ്ര സർക്കാരിന് മുൻ സർക്കാരിന്റെ കാലത്ത് കത്ത് നൽകിയിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതി രൂപീകരിച്ചെങ്കിലും ഉപസമിതി യോഗം ചേരുകയോ റിപ്പോർട്ട് സമർപ്പിക്കുകയോ ചെയ്തിട്ടില്ല. പുതിയ സർക്കാർ അധികാരത്തിൽ വന്നശേഷം 2026 ജൂൺ 17 ന് ചേർന്ന മന്ത്രിസഭാ യോഗത്തിൽ ഇക്കാര്യം അജണ്ടയിൽ ഉൾപ്പെടുത്തി ചർച്ച ചെയ്യുകയും ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പൊതുവിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വകുപ്പ് മന്ത്രി കൺവീനറായുള്ള ഒരു മന്ത്രിസഭാ ഉപസമിതി രൂപീകരിക്കുകയുമുണ്ടായി. പദ്ധതിയുടെ ധാരണാപത്രത്തിലെ വ്യവസ്ഥകൾ പ്രകാരം പദ്ധതിയിൽ നിന്ന് പിൻമാറാനുള്ള അവകാശം സംസ്ഥാനത്തിനില്ല. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ഭരണഘടനാപരമായ അവകാശങ്ങളായ സിലബസ് തയ്യാറാക്കൽ, പദ്ധതി നടപ്പാക്കുന്ന സ്കൂളുകളുടെ തിരഞ്ഞെടുപ്പ് എന്നിവ നിലനിർത്തിക്കൊണ്ട് പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കാൻ കഴിയുമോ എന്ന് പരിശോധിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രസ്തുത മന്ത്രിസഭാ ഉപസമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മന്ത്രിസഭാ ഉപസമിതി ടി വിഷയത്തിൽ അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**(ഇ)** പി. എം. ശ്രീ പദ്ധതിയെ ദേശീയ വിദ്യാഭ്യാസ നയവുമായി നേരിട്ട് ബന്ധിപ്പിച്ചിട്ടുണ്ടോ; പി. എം. ശ്രീ പദ്ധതി ദേശീയ വിദ്യാഭ്യാസ നയവുമായി നേരിട്ട് ബന്ധിപ്പിക്കുന്നത് എന്തൊക്കെ പ്രത്യാഘാതങ്ങൾ ഉണ്ടാക്കുമെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ എന്തെല്ലാമാണ്; വിശദമാക്കാമോ?

**<u>മറുപടി:</u>** പി.എം. ശ്രീ പദ്ധതിയുടെ ധാരണാപത്രത്തിലെ ഏറ്റവും പ്രധാന വ്യവസ്ഥ ദേശീയ വിദ്യാഭ്യാസ നയം 2020 സംസ്ഥാനത്ത് നടപ്പിലാക്കണം എന്നതാണ്. ദേശീയ വിദ്യാഭ്യാസ നയത്തിലെ പാഠ്യപദ്ധതിയോടുള്ള സമീപനം, എൻ.ഇ.പി മുന്നോട്ട് വയ്ക്കുന്ന സ്കൂൾ വിദ്യാഭ്യാസ ഘടന, അമിത കേന്ദ്രീകരണം തുടങ്ങിയ കാര്യങ്ങളെക്കുറിച്ച് കൂടുതൽ ആശയ വ്യക്തത വരുത്തേണ്ടതുണ്ട്.

**സെക്ഷൻ ഓഫീസർ**

**<u>അനുബന്ധം</u>**

**(തുക കോടിയിൽ)**

| വർഷം | അംഗീകരിച്ച പദ്ധതി | ആനുപാതിക വിഹിതം (60%) | കേന്ദ്ര വിഹിതം ലഭിച്ചത് | കേന്ദ്ര വിഹിതം ലഭിക്കാനുള്ളത് |
|---|---|---|---|---|
| 2021-2022 | 733.63 | 440.18 | 225.13 | 215.05 |
| 2022-2023 | 758.64 | 455.18 | 178.16 | 277.03 |
| 2023-2024 | 702.72 | 421.63 | 141.06 | 280.57 |
| 2024-2025 | 855.90 | 513.54 | 0 | 513.54 |
| 2025-2026 | 761.08 | 456.65 | 99.27 | 357.38 |
| ആകെ | 3811.97 | 2287.18 | 643.62 | 1643.57 |